# Deepika

## 13 August 2018

## Kochi, After Flood, Relief Camps

### ആളുകൾ വീടുകളിലേക്ക് മടങ്ങിത്തുടങ്ങി

# ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം കുറച്ചു

**കുടിവെള്ള വിതരണം ഇനിയും പൂർണതോതിൽ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല**

**കൊച്ചി:** ചെറുതോണി, ഇടമലയാർ ഡാമുകൾ തുറന്നതോടെ പെരിയാറിൽ ഉയർന്ന ജലനിരപ്പ് താഴ്ന്നുതുടങ്ങിയതോടെ ദുരിതാശ്വാസ ക്യാമ്പുകളിൽനിന്ന് ആളുകൾ വീടുകളിലേക്ക് മടങ്ങിത്തുടങ്ങി. വെള്ളപ്പൊക്കത്തെത്തുടർന്ന് ജില്ലയിൽ വിവിധ താലൂക്കുകളിലായി 78 ക്യാമ്പുകളാണ് തുറന്നിരുന്നത്. ഇത് ഇന്നലെ 36 ആയി കുറച്ചു. നിലവിൽ ക്യാമ്പുകളിൽ അവശേഷിക്കുന്നത് 6504 പേരാണ്. ചേരാനെല്ലൂർ, ഏലൂർ, പറവൂർ മേഖലകളിലുള്ളവരാണ് ദുരിത്യാശ്വാസ ക്യാമ്പിൽനിന്ന് വീടുകളിലേക്കു മടങ്ങിയത്.

ഏലൂരിലെ പത്തു ക്യാമ്പുകലെ ആറിൽനിന്നും ആളുകൾ വീടുകളിലേക്ക് മടങ്ങി. ആലുവ മണപ്പുറത്ത് ഏകദേശം ഒരടിയോളം മാത്രമാണ് വെള്ളമിറങ്ങിയത്. വെള്ളപ്പൊക്കം കൂടുതൽ നാശം വിതച്ച പറവൂർ, പെരുമ്പാവൂർ വല്ലം, തുരത്ത്, ഏലൂർ, മാഞ്ഞൂർ മേഖലകൾ, കാലടി, ആലങ്ങാട്, കരുമാലൂർ എന്നിവിടങ്ങളിലെല്ലാം വെള്ളമിറങ്ങിത്തുടങ്ങി. വീടുകളിൽനിന്ന് വെള്ളം ഇറങ്ങിയതോടെ കെട്ടിക്കിടക്കുന്ന ചെളിയും മറ്റു മാലിന്യങ്ങളും നീക്കുന്നതിനുള്ള ശുചീകരണപ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ജില്ലാ അധികൃതരും ആരോഗ്യ, തദ്ദേശ ഭരണവിഭാഗങ്ങളും സന്നദ്ധസംഘടനകളും ശുചീകരണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി. ക്യാമ്പുകളിൽ ഭക്ഷണവും കുടിവെള്ളവും മരുന്നുകളും എത്തിക്കുന്ന പ്രവൃത്തികളും സുഗമമായി നടക്കുന്നുണ്ട്.

പകർച്ചവ്യാധികൾക്കും മറ്റുമുള്ള മുൻകരുതലകളുമായി ആരോഗ്യവകുപ്പും രംഗത്തുണ്ട്. പ്രദേശങ്ങളിൽനിന്ന് വെള്ളമിറങ്ങിത്തുടങ്ങിയെങ്കിലും വീടും പരിസരവും അണുനാശിനി ഉപയോഗിച്ച് വൃത്തിയാക്കിയശേഷം മാത്രമേ ക്യാമ്പിൽനിന്ന് തിരിച്ചുപോകാവൂ എന്നാണ് ആരോഗ്യവകുപ്പിന്റെ നിർദേശം. അതേസമയം ജില്ലയിൽ മുടങ്ങിയ കുടിവെള്ള വിതരണത്തിന്റെ പമ്പിംഗ് ഇനിയും പൂർണതോതിൽ പുനരാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ജില്ലയിലെ പടിഞ്ഞാറൻ മേഖലകളിൽ ശുദ്ധജലമെത്തിക്കാൻ വാട്ടർ അതോറിട്ടി വിതരണം ചെയ്തുവന്ന 290 മില്യൺ ലിറ്റർ ജലത്തിന്റെ പകുതിമാത്രമാണ് നിലവിൽ വിതരണം ചെയ്യുന്നത്.